LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് വൈദ്യുതി സബ്സ്റ്റേഷൻ

58(2259) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി സബ് സ്റ്റേഷന്റെ 10 മെഗാവാട്ടിന്റെ ട്രാൻസ്ഫോർമർ 20 മെഗാവാട്ടിന്റേതാക്കാൻ ആലോചനയുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നടപടി സംബന്ധിച്ച് സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ;

(സി) അതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 110 കെ.വി. കാസർഗോഡ് സബ്സ്റ്റേഷനിലെ ഒരു 10 എം.വി.എ. ട്രാൻസ്ഫോർമർ മാറ്റി 20 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. രണ്ടാമത്തെ 10 എം.വി.എ. ട്രാൻസ്ഫോർമറിനുപകരം പുതിയ 20 എം.വി.എ ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രോജക്ട് സൺഷിഫ്റ്റ്

59 (2260) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പ്രോജക്ട് സൺഷിഫ്റ്റ്' രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗരോർജ്ജം ഉപയോഗിച്ച് ഉപഭോക്താക്കളുടെ രാത്രി കാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കുറയ്ക്കുക, പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയ പദ്ധതിയാണ് സൺഷിഫ്റ്റ്

പദ്ധതി. വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരത്തെ പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം സൗരോർജ്ജത്തിൽനിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പകൽ സമയങ്ങളിൽ ഇൻവെർട്ടർ ബാറ്ററികൾ ചാർജ്ജ് ചെയ്യാനും ഉപഭോക്താക്കൾക്ക് ഏറ്റവും ആവശ്യമായ പീക്ക് സമയത്ത് ഉപഭോക്താവിന്റെ വീട്ടിലെ വൈദ്യുതി ആവശ്യകതയുടെ ഒരു ഭാഗം ഇൻവെർട്ടറുകൾവഴി ഉപയോഗിക്കാനും കഴിയുന്നു.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനായി വൈദ്യുതി ബോർഡ് സോളാർ ഇൻവെർട്ടർ നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽനിന്നും താല്പര്യപത്രം ക്ഷണിക്കുകയും ബോർഡിന്റെ സ്പെസിഫിക്കേഷൻ പ്രകാരം രൂപകല്പന ചെയ്ത സോളാർ ഇൻവെർട്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തിയശേഷം 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തു. ഈ പദ്ധതി പ്രകാരം സോളാർ ഇൻവെർട്ടർ സ്ഥാപിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5000 രൂപ സബ്സിഡി അനെർട്ട്വഴി നൽകാനായി അനുമതി നൽകിയിട്ടുണ്ട്. സബ്സിഡിക്കായുള്ള അപേക്ഷകൾ സെപ്റ്റംബർ 23, 2015 വരെ സ്വീകരിച്ചിരുന്നു.

ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം

60(2261) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം കൈവരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിർമ്മാണം നടന്നു വന്നിരുന്ന 9 ജലവൈദ്യുത പദ്ധതികളും (ആകെ 136.75 മെഗാവാട്ട്) പൂർത്തിയാക്കുവാനും നിർമ്മാണം ആരംഭിച്ച 6 ജലവൈദ്യുത പദ്ധതികളും (ആകെ 63.6 മെഗാവാട്ട്)

LIBRARY ARCHIVES Kerala Legislative Assembly